(സി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് പുതിയ കരാറുകൾ ഒന്നുംതന്നെ ഉണ്ടാക്കിയിട്ടില്ല.

സി.എസ്.ഐ. നിഹലന്റ് ഇ-ഗവേണൻസ് അവാർഡ്

265 (T610) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എസ്.ഐ. നിഹലന്റ് ഇ-ഗവേണൻസ് അവാർഡ് ഏതൊക്കെ മേഖലയിലാണ് നൽകുന്നത്; ഇതിനായി സർക്കാർ അപേക്ഷിച്ചിട്ടുണ്ടായിരുന്നോ ; ആരാണ് അപേക്ഷ നൽകിയത് ; ഏത് നിർവ്വഹണത്തിനാണ് അവാർഡ് ലഭിച്ചത് ;

(ബി) ഏതൊക്കെ വർഷങ്ങളിൽ സംസ്ഥാനം ഈ അവാർഡിനായി അപേക്ഷിച്ചിരുന്നു ; ഏതൊക്കെ വർഷങ്ങളിൽ അവാർഡ് ലഭിച്ചിട്ടുണ്ട്; എന്തിനെ ആസ്പദമാക്കി ; വിശദമാക്കാമോ ;

(സി) മറ്റേതെല്ലാം സംസ്ഥാനങ്ങൾക്ക് ഈ വർഷം സി.എസ്.ഐ. നിഹലന്റ് അവാർഡ് ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവര സാങ്കേതിക മേഖലയിൽ നടപ്പാക്കിവരുന്ന ഇ-ഗവേണൻസ് പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് പ്രോത്സാഹനം എന്ന നിലയിലാണ് അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാരിനു വേണ്ടി സംസ്ഥാന ഐ.റ്റി മിഷനാണ് നോമിനേഷനുകൾ സമർപ്പിച്ചിട്ടുള്ളത്.

2006-07-ൽ ഇ-ഗവേണൻസ് പ്രോഗ്രസ്സീവ് സ്റ്റേറ്റ് വിഭാഗത്തിലും ബെസ്റ്റ് ഇ-ഗവേണൻസ് വിഭാഗത്തിൽ Capnic എന്ന പദ്ധതിക്കും അവാർഡ് നേടുകയുണ്ടായി. 2007-08-ൽ പ്രോഗ്രസ്സീവ് ഇ-ഗവേണൻസ് സ്റ്റേറ്റ് വിഭാഗത്തിലും ബെസ്റ്റ് ഇ-കളക്ടറേറ്റ് വിഭാഗത്തിൽ പാലക്കാട് ജില്ലാ കളക്ടറേറ്റിനും അവാർഡ് ലഭിച്ചു. 2008-09-ൽ കണ്ണൂർ ജില്ലയ്ക്ക് ഇ-ഗവേണൻസ് അപ്രീസിയേഷൻ അവാർഡും അവാർഡ് ഓഫ് എക്സലൻസ് വിഭാഗത്തിൽ hs-CAPNIC എന്ന പദ്ധതിക്കും അവാർഡ് ലഭിച്ചു. ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ ഇ-കൃഷി എന്ന പദ്ധതിക്ക് അവാർഡ് ഓഫ് എക്സലൻസ് ലഭിച്ചു. 2009-10, 2010-11 എന്നീ വർഷങ്ങളിൽ ഇ-ടാക്സ് അഡ്മിനിസ്ട്രേഷൻ പ്രോഗ്രാമിനും സി.എസ്.ഐ. അവാർഡ്

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചു. 2011-12-ൽ ഇ-ഗവേണൻസ് രംഗത്തെ മികവിന്, സംസ്ഥാന ഐ.ടി മിഷൻ നടപ്പിലാക്കിയ ഇ-ഡിസ്പോസൽ പദ്ധതിക്ക് ലഭിച്ചു. 2013-ൽ സംസ്ഥാന സർക്കാർ വിജയകരമായി നടപ്പാക്കിയ ഇ-ടെണ്ടർ അഥവാ ഇ-പ്രൊക്യൂർമെന്റ് സംവിധാനത്തിനും അതുപോലെ ഐ.ടി മിഷനിൽ നടപ്പിലാക്കിയ ഡി.ഡി.എഫ്.എസ്-നും (Digital Document File System) അവാർഡ് ലഭിക്കുകയുണ്ടായി. 2014-ൽ സ്റ്റേറ്റ് കാറ്റഗറി വിഭാഗത്തിലാണ് സി.എസ്.ഐ. നിഹലന്റ് അവാർഡ് സംസ്ഥാനത്തിന് ലഭിച്ചത്.

(സി) 2014-ൽ മറ്റ് പ്രധാന വിഭാഗങ്ങളിലായി മധ്യപ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഗഢ്, ഡൽഹി എന്നീ സംസ്ഥാനങ്ങൾക്കും കേരളത്തിനു പുറമേ അവാർഡുകൾ ലഭിക്കുകയുണ്ടായി.

അക്ഷയ കേന്ദ്രങ്ങൾ

266 (611) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ട് ; എന്തൊക്കെ സേവനങ്ങളാണ് ഇതുവഴി ലഭിക്കുന്നത് ;

(ബി) അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ 21 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. UID എൻറോൾമെന്റ്, ഇ-ഡിസ്പോസൽ, ഇ-ഗ്രാന്റ്സ്, ഫാർമേഴ്സ് ഡാറ്റാ എൻട്രി, ലേബർ വെൽഫയർ കമ്മിഷണറേറ്റിന്റെ ഡാറ്റാ എൻട്രി, ഫുഡ് സേഫ്റ്റി & ലൈസൻസിനു വേണ്ടിയുള്ള ഓൺലൈൻ അപേക്ഷ, കൾച്ചറൽ വെൽഫയർ ബോർഡിന്റെ സബ്സ്ക്രിപ്ഷൻ കളക്ഷൻ, എസ്.സി. മെടിക് ഡാറ്റാ എൻട്രി, മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഓൺലൈൻ അപേക്ഷ സമർപ്പിക്കൽ, ചിയാക് രജിസ്ട്രേഷൻ, ആബി രജിസ്ട്രേഷൻ, ക്ഷീര കർഷക വെൽഫയർ പേഴ്സണലിനുള്ള കമ്പ്യൂട്ടർ പരിശീലനം, ഇ-ഫയലിംഗ്, ബാങ്കിംഗ് കിയോസ്ക്, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി നൽകിവരുന്നു.

(ബി) നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 4-ഉം മുൻസിപ്പാലിറ്റിയുടെ പരിധിയിൽ 6-ഉം കോർപ്പറേഷനുകളിൽ